ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക–ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 7 ലക്കം 6

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 മാർഗ്ഗശീർഷ – പൗഷ
1194 വൃശ്ചികം – ധനു 2018 ഡിസംബർ

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



ഭായ് പരമാനന്ദ്



സ്വാമിശ്രദ്ധാനന്ദ്



രാംപ്രസാദ് ബിസ്മിൽ



അഷഫാഖുള്ളാഖാൻ



രാജേന്ദ്ര ലാഹിരി

## ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ


| | | |
|---|---|---|
| ഡിസംബർ 8 | : | ഭായ് പരമാനന്ദ് നിർവ്വാണദിനം |
| ഡിസംബർ 17 | : | രാജേന്ദ്ര ലാഹിരി രക്തസാക്ഷിദിനം |
| ഡിസംബർ 19 | : | രാംപ്രസാദ്ബിസ്മിൽ, അഷഫാഖുള്ളാഖാൻ, രോഷൻസിങ്ങ് എന്നിവരുടെ രക്തസാക്ഷിദിനം |
| ഡിസംബർ 23 | : | സ്വാമി ശ്രദ്ധാനന്ദ് ബലിദാനദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

മണ്ഡലം 1 സൂക്തം 8



**മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ നിച്യത് ഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ**

**ഏവാ ഹി തേ വിഭൂതയ ഊതയ് ഇന്ദ്രമാവതേ|**
**സദ്യശ്ചിത്സന്തി ദാശുഷേ॥ (ഋഗ്വേദം 1.8.9)**

**പദാർത്ഥം:** അല്ലയോ (ഇന്ദ്ര) ജഗദീശ്വരാ! അങ്ങയുടെ കൃപയാൽ എങ്ങനെയാണോ (തേ) അങ്ങയുടെ (വിഭൂതയഃ) ഏതെല്ലാം ഐശ്വര്യങ്ങളും (ഊതയഃ) രക്ഷ, വിജ്ഞാനം തുടങ്ങിയ ഗുണങ്ങളേയും എനിക്ക് പ്രാപിയ്ക്കാനാവുന്നത് അതേപോലെ (മാവതെ) എനിയ്ക്ക് തുല്ല്യരായ (ദാശുഷേ ചിത്) എല്ലാവർക്കും ഉപകാരങ്ങൾക്കും ധർമ്മത്തിൽ മനസ്സൂന്നുന്നതിനുമായി (സദ്യ ഏവ) വളരെ വേഗം പ്രാപിയ്ക്കുമാറാകട്ടെ.

**ഭാവാർത്ഥം:** ഈ മന്ത്രത്തിൽ ലുപ്തോപമാലങ്കാരമാണ്. ഈശ്വരാജ്ഞയുടെ പ്രകാശം ഇപ്രകാരത്തിൽ ചെയ്തിരിക്കുന്നു. എപ്പോഴാണോ മനുഷ്യർ പുരഷാർത്ഥികളായിത്തീർന്ന് എല്ലാവർക്കും ഇപ്രകാരം ചെയ്യുന്നവരും ധാർമ്മികരും ആയിത്തീരുന്നത് അപ്പോൾ മാത്രമേ അവർക്ക് പൂർണ്ണമായ ഐശ്വര്യവും യഥായോഗ്യമായ ഈശ്വരന്റെ സംരക്ഷണവും മറ്റു ഗുണങ്ങളും നേടി എല്ലായിടത്തും ആദരവ് ലഭിക്കാൻ പ്രാപ്തമാവുകയുള്ളു.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്**
**തർജ്ജമ : കെ.എം.രാജൻ)**

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 7 ലക്കം 6

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 മാർഗ്ഗശീർഷ - പൗഷ
1194 വൃശ്ചികം - ധനു 2018 ഡിസംബർ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**
കെ.എം. രാജൻ

**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| തന്മേമനഃ ശിവസങ്കല്പമസ്തു | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | : | 14 |



**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് - 679 504**
**Ph:7907077891, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.aryasmajkerala.org.in**


## മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



**വേ**ദങ്ങളിൽ ഈശ്വരനെ വർണ്ണിച്ചിരിക്കുന്നത് എങ്ങനെയാണെന്നു നോക്കാം.

**സപര്യഗാച്ഛുക്രമകായ മവ്രണ മസ്നാവിരം ശുദ്ധമപാപവിദ്ധം |**
**കവിർമനീഷി പരിഭൂഃ സ്വയം ഭൂര്യഥാതധ്യതേ ർത്ഥാൻ**
**വ്യദധാത് ശാശ്വതീഭ്യഃ സമാഭ്യഃ||**
**(യജുർവ്വേദം 40.8)**

**ഭാവാർത്ഥം :** ആ പരമാത്മാവ് സർവ്വത്ര വ്യാപിച്ചവനാണ്. എല്ലാറ്റിന്റേയും ഉത്പാദകനാണ്. ശരീരം, നാഡികൾ എന്നിവയില്ലാത്തതും ബന്ധനങ്ങളിൽ നിന്ന് മുക്തനും ശുദ്ധനും പാപരഹിതനും ആണദ്ദേഹം. ആ ക്രാന്തദർശിയായ അദ്ദേഹം സർവ്വരുടേയും മനസ്സിലിരിപ്പ് അറിയുന്നവനാണ്. സർവ്വത്ര പ്രകടമായവനും സ്വതന്ത്രമായ സത്തയുമാണദ്ദേഹം. തന്റെ പ്രജകൾക്കായി ഈ ജഗ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ത്തിന്റ വ്യവസ്ഥാപിതമായ രചനയും പരിപാലനവും നടത്തുന്നു.

ഈശ്വരൻ സർവ്വവ്യാപിയായി തന്റെ കാര്യ നിർവ്വഹണം നടത്തുന്നുവെററ് വേദങ്ങളിൽ വളരെ സ്പഷ്ടമായി പറയുന്നുണ്ട്. വ്യാപകനായവനുമാത്രമേ എല്ലായിടത്തും നിറഞ്ഞുനിൽക്കാനും സർവ്വരുടേയും മനസ്സിൽവസിക്കാനും കഴിയൂ. അതിനദ്ദേഹത്തിന് എങ്ങും പോകേണ്ട ആവശ്യമില്ല. ഇതിനെക്കുറിച്ച് അറിയുന്നതിന് ആര്യസമാജത്തിന്റെ രണ്ടാമത്തെ നിയമത്തിൽ പറയുന്ന ഈശ്വരന്റെ ഗുണങ്ങളുടെ സാരം ഉൾക്കൊള്ളണം. ആ നിയമം ഇപ്രകാരമാണ്.

ഈശ്വരൻ സച്ചിദാനന്ദസ്വരൂപനും, നിരാകാരനും സർവ്വശക്തിമാനും, ന്യായകാരിയും, ദയാലുവും, ജന്മമെടുത്തിട്ടില്ലാത്തവനും, അനന്തനും, നിർവ്വികാരനും, അനാദിയും, അനുപനും, സർവ്വാധാരനും, സർവ്വേശ്വരനും, സർവ്വവ്യാപിയും, സർവ്വാന്തര്യാമിയും, അജനും, അമരനും, ഭയമില്ലാത്തവനും, നിത്യനും, പവിത്രനും, സൃഷ്ടികർത്താവുമാകുന്നു. കേവലം ആ ഈശ്വരൻ മാത്രമാണ് ഉപാസനയ്ക്ക് യോഗ്യൻ.

ഈ നിയമം വിശദമാക്കിയാൽ ഈശ്വരവിഷയത്തിലുള്ള എല്ലാ ജിജ്ഞാസകൾക്കും ഉത്തരം ലഭിക്കും. ഈശ്വരൻ സത്-ചിത്-ആനന്ദ സ്വരൂപനാണ്. അതായത് അദ്ദേഹത്തിൽ സത്, ചിത്, ആനന്ദം എന്നീ മൂന്നു ഗുണങ്ങളുമുണ്ട്. എന്നാൽ മനുഷ്യരിൽ സത്, ചിത് എന്നീ ഗുണങ്ങൾമാത്രമേയുള്ളു. ആനന്ദത്തിന്റെ അഭാവമുണ്ട്. അതിനാലാണ് മനുഷ്യൻ ആനന്ദം അന്വേഷിച്ച് പോവുന്നത്. ആത്മാവ് ചേതനവസ്തുവാണ്. എന്നാൽ അതിന് ആനന്ദം ലഭിക്കുന്നത് ഈശ്വരന്റെ സാന്നിദ്ധ്യത്തിൽ മാത്രമാണ്. ഈശ്വരൻ നിരാകാരനായതിനാലാണ് അദ്ദേഹത്തിന് സർവ്വ ശക്തിമാനും അനന്തനും നിർവ്വികാരനും സർവ്വവ്യാപകനുമാവാൻ കഴിയുന്നത്. അദ്ദേഹം നിരാകാരനല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉയരവും വണ്ണവും മറ്റും നിശ്ചിതമായിരിക്കും. സാകാരവസ്തുക്കൾക്ക് നിറവും ഉണ്ടാവും. എന്നാൽ അതിൽ അനന്തതയുണ്ടാവില്ല.

സർവ്വശക്തിമാൻ എന്നതിനർത്ഥം അദ്ദേഹത്തിന് എല്ലാം ചെയ്യാൻ കഴിയുമെന്നാണ്. എന്നാൽ ഈ വിഷയത്തിൽ ചില സംശയങ്ങൾ ഉയർന്നുവരാനിടയുണ്ട്. സർവ്വശക്തിമാന് ഇഷ്ടമുള്ള എന്തും ചെയ്യാനാവുമോ എന്നതാണത്. എന്നാൽ അതങ്ങനെയല്ല. ബുദ്ധിക്കുനിരക്കാത്ത കാര്യങ്ങളൊന്നും അദ്ദേഹത്തിന് ചെയ്യാനാവില്ല. അദ്ദേഹത്തിന് ആരോടും അനിഷ്ടത്തോടെ പെരുമാറാനാവില്ല. മോശം കർമ്മങ്ങൾ ചെയ്യാനുമാവില്ല. ഇപ്രകാരം അദ്ദേഹത്തിന് ആത്മാവിനേയോ പ്രകൃതിയേയോ നശിപ്പിക്കാനുമാവില്ല. ഈ സമ്പൂർണ്ണ ബ്രഹ്മാണ്ഡത്തിന്റെ രചനക്കും അത് നിയന്ത്രിക്കുന്നതിനും ഈശ്വരന് ആരുടേയും സഹായവും ആവശ്യവും വരുന്നില്ലാ എന്നതാണ് ഈ സർവ്വശക്തിമാൻ എന്നതുകൊണ്ടർത്ഥമാക്കുന്നത്.

**(തുടരും)**

**പത്രാധിപർ**



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദനാംനിത്യത്വ വിചാരഃ

**അസ്യായമഭിപ്രായഃ** – യഃ പൂർവ്വോക്തഃ സർവ്വവ്യാപകത്വാദി വിശേഷേണ
യുക്ത ഈശ്വരോഽസ്തി, (സ പര്യഗാത്) പരിതഃ സർവ്വതോഽഗാത് ഗതവാന്
പ്രാപ്തവാനസ്തി, നൈവൈകഃ പരമാണുരൂപിതദ്വ്യാപ്ത്യാവിനാസ്തി (ശു
ക്രമ്) തദ് ബ്രഹ്മസർവ്വജഗൽകർതൃ വിര്യവദ് അനന്തബലവദ് അസ്തി। തത്
സ്ഥൂല സൂക്ഷ്മകാരണ ശരീരത്രയ സംബന്ധരഹിതമ് (അവ്രണമ്) നൈവൈത
സ്മിംശ്ഛിദ്രം കർതും പരമാണുരപി ശക്നോതി, അത ഏവ ഛേദ രഹിതത്വാദ
ക്ഷതം (അസ്നാവിരം) തന്നാഡീസംസന്ധരഹിതത്വാദ് ബന്ധനാവരണുവി
മുക്തം (ശുദ്ധം) തദവിദ്യാദിദോഷേഭ്യഃ സർവ്വദാപൃഥക് വർത്തമാനം (അപാപ
വിദ്ധം) നൈവതത് പാപയുക്തം പാപകാരി ച കദാചിദ് ഭവതി। (കവിഃ)
സർവ്വജ്ഞഃ (മനീഷി) യഃ സർവ്വേഷാം മനസാമീഷി സാക്ഷീ ജ്ഞാതാസ്തി।
(പരിഭൂഃ) സർവ്വേഷാമുപരിവിരാജമാനഃ (സ്വയംഭൂഃ) യോ നിമിത്തോപാദന
സാധാരണകാരണത്രയരഹിതഃ സ ഏവ സർവ്വേഷാം പിതാ നഹ്യസ്യ കശ്ചിത്
ജനകഃ സ്വസാമർത്ഥ്യേന സഹൈവ സദാവർത്തമാഽനോസ്തി।യ ഏവഭൂതഃ
സച്ചിദാനന്ദ സ്വരൂപഃ പരമാത്മാ, സ സർഗാദോ സ്വകീയാഭ്യഃ (ശാശ്വതിഭ്യഃ)
നിരന്തരാഭ്യഃ (സഭാഭ്യഃ) പ്രജാഭ്യൗ (അത്രവർതഽമാനോ സ്തി (ശാശ്വതീഭ്യഃ) യ
ഏവഭൂതഃ സച്ചിദാനന്ദസ്വരൂപഃ പരമാത്മാ (സഃ) സർഗാദൗസ്വകീയാഭ്യഃ ശാശ്വ
തീഭ്യോ നിരന്തരാഭ്യഃ പ്രജാഭ്യോ ഇതി പാഠോ വൈ. യ. മുദ്രിതേ ദൃശ്യതേ (അ
ഷ്ടമസംസ്കരണേ സമാഭ്യപദം കോഷ്ടകേ പ്രദർശിതഃ)അയമഷ്ടപാഠഃ)।
(യഥാതധ്യതഃ) യഥാർത്ഥസ്വരൂപേണ വേദോപദേശേന (അർത്ഥാന് വ്യദധാത്)
വിധത്തവാന്।അർത്ഥാത് യദായദാ സൃഷ്ടിം കരോതി തദാതദാപ്രജാഭ്യോഹി
തായാദിസൃഷ്ടൗ (ഇത് വേദോത്പത്തി വിഷയം വിവരിച്ചപ്പോൾ വിസ്തരിച്ചി
ട്ടുണ്ട്) സർവവിദ്യാസമന്വിതം വേദശാസ്ത്രം സ ഏവ ഭഗവാനു പദിശതി।അത
ഏവ നൈവ വേദാനാമനിത്യത്വം കേനാപി മന്തവ്യമ്, തസ്യവിദ്യായാഃ സർവ്വ
ദൈകരസവർത്തമാനത്വാത്.

**ഭാഷാർത്ഥം :** അങ്ങനെയാണ് പരമേശ്വരൻ തന്റേയും താനാൽ ഉണ്ടാക്കിയ വേദങ്ങളു
ടെയും നിത്യതയേക്കുറിച്ചും സ്വതഃ പ്രമാണമായതിനേക്കുറിച്ചും ഉപദേശിക്കുന്നത്.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*

*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം




## പത്താംപ്രഭാഷണം

## ഇതിഹാസ വിഷയം

**അ**ശ്വവിദ്യ, അഗ്നിവിദ്യ എന്നിവയിൽ പ്രഗത്ഭനായിരുന്നു നളൻ.

ശതപഥബ്രാഹ്മണത്തിൽ പറയുന്നു
അഗ്നിർവൈ അശ്വഃ।ദേവാ ഏതം വജ്രം
ദദൃശുഃ। അഗ്നിർവൈ വജ്രഃ। യദശ്വം തം
പുരുസ്താദുദശ്രയംസ്തസ്യാ/ ഭയേനാഷ്ട്രേ
നിവാ/തേഗ്നിരജായതിതസ്മാദ്യത്രാഗ്നിമൻഥിഷ്യന്ത്സ്യാ
ദശ്വമാനേതവൈ ബ്രൂയാത് സപൂർവ്വണോപതിഷ്ഠതേ।
വജ്രമേവൈതദുച്ഛ്രയതി। (ശതപഥം 2.1.4.6)

അഗ്നി എന്നതിനുള്ള മറ്റൊരു പേരാണ് അശ്വം, പണ്ഡിതന്മാർ ഈ വജ്രത്തെ കാണിക്കുന്നു. അഗ്നിയുടെ തന്നെ പേരാണ് വജ്രം. ഈ അഗ്നിയേ മുന്നോട്ട് കാണിക്കുന്നു. എവിടെയെല്ലാമാണോ അഗ്നിയ്ക്ക് ഭയമില്ലാത്തത് അതായത് എവിടേയാണോ കാറ്റ് ഇല്ലാത്തത് അവിടെ അഗ്നി പ്രസിദ്ധമാവുന്നു. ഇക്കാരണത്താലാണ് അഗ്നിയുടെ മന്ഥനം ഉണ്ടാവുന്നത്. അഗ്നിക്ക് അനേകപ്രകാരത്തിലുള്ള സൗന്ദര്യമുണ്ട്. അവിടെ അഗ്നിയുടെ ബലം നിശ്ചയമായും പറയപ്പെടുന്നുണ്ട്. ഈ ലോകം മുഴുവനും ഇതിന്റെ ബലത്തിലാണിരിക്കുന്നത്. ഈ വജ്രം അഥവാ അഗ്നിയാണ് ലോകത്തിന് ഉന്നതി നൽകുന്നത്.

നളരാജാവ് അയോദ്ധ്യാപുരിയിലെ ഋതുപർണ്ണ രാജാവിന്റെ സേവകനായി ജോലിചെയ്യുകയായിരുന്നു. അവിടെനിന്ന് ദമയന്തീ സ്വയംവരം നടക്കുന്ന വിദർഭയിലേക്ക് നളന്റെ വിദ്യാശക്തിയാൽ (Thermo Dynamics) ഒരു ദിവസംകൊണ്ട് ഋതുപർണ്ണനെ എത്തിക്കുന്നതായി പറയുന്നു. നളന് ഇക്കാരണത്താൽ വളരെയധികം പ്രശംസകിട്ടി. എന്നാൽ അദ്ദേഹത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ക്ഷീണിതരായ കുതിരകളെക്കുറിച്ചുമുള്ള കഥകളെല്ലാം വാസ്തവവിരുദ്ധമാണ്.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 2 — പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം

**രവിവാരേ ച സണ്ഡേ ച ഫാൽഗുനേ ചൈപ ഫർവരി।**
**ഷഷ്ഠിശ്ച സിക്സിറ്റി ജ്ഞേയ തദുഹാരവൃദ്ധിശ്മ്॥**

യേശുക്രിസ്തു ഭാരതത്തിൽ വന്നിരുന്നുവെന്നും മുഹമ്മദിന്റെ ചരിത്രവുമെല്ലാം വർണ്ണിക്കുന്നത് ഈ പുരാണത്തിൽ.

## 10. ലിംഗപുരാണം

ശൈവമതപ്രധാനമായ പുരാണമാണ് ലിംഗപുരാണം. ഇതിലെ പ്രധാന ഭാഗങ്ങളെല്ലാം ശിവപുരാണത്തിന് സദൃശമായതാണ്. ശൈവസിദ്ധാന്തങ്ങളുടെ സരളവും സഹജവും വിസ്തൃതവുമായ വർണ്ണന ഇതിലുണ്ട്. 163 അദ്ധ്യായങ്ങളുള്ള ഈ പുരാണത്തിൽ 108 അദ്ധ്യായങ്ങൾ പൂർവ്വാർദ്ധമായും 55 അദ്ധ്യായങ്ങൾ ഉത്തരാർദ്ധവുമായാണ് കൊടുത്തിരിക്കുന്നത്.

സൃഷ്ടിയുടെ വർണ്ണന, ശിവന്റെ വിവിധ വ്രതങ്ങൾ, സദാചാരനിരൂപണം, പ്രായശ്ചിത്തം, കാശി-ശ്രീശൈലം തുടങ്ങിയവയുടെ വർണ്ണന, അന്ധകാസുരന്റെ കഥ, വരാഹചരിത്രം, ജലന്ധര വധം, ശിവസഹസ്രനാമം, ദക്ഷന്റെ യജ്ഞവിവരണം, കാമദേവനെ ദഹിപ്പിക്കൽ, പാർവ്വതിയുമായുള്ള വിവാഹം, ഗണേശന്റെ ജനനകഥ, ശിവന്റെ താണ്ഡവനൃത്തം, ഉപമന്യുവിന്റെ കഥ എന്നിവയെല്ലാം വർണ്ണിക്കുന്നുണ്ടിതിൽ.

തുടർന്ന് വിഷ്ണു ഭക്തിയുടെ മഹാത്മ്യം, ഏകാദശിയുമായി ബന്ധപ്പെട്ട അംബരീഷന്റെ കഥ, സനത്കുമാര-നന്ദീശ്വര സംവാദം, ഭഗവാൻ ശിവന്റെ 28 വിഭിന്ന അവതാരങ്ങളുടെ വിവരണം, വ്രജേശ്വരി മഹാവിദ്യ, ഗായത്രീമഹിമ, ത്ര്യംബകമാഹാത്മ്യം, പുരാണകഥാ ശ്രവണത്തിന്റെ ഫലം, ബ്രാഹ്മണർക്ക് വിധിപൂർവ്വം ദാനം ചെയ്യുന്നതിലെ പുണ്യം എന്നിവയെല്ലാം വർണ്ണിക്കുന്നുണ്ട് ഈ പുരാണത്തിൽ.

## 11. ബ്രഹ്മവൈവർത്ത പുരാണം

മുഖ്യമായും ഒരു വൈഷ്ണവ പുരാണമാണിത്. വിഷ്ണുവിന്റെ അവതാരമായ ശ്രീകൃഷ്ണന്റെ കഥയാണിത്. ബ്രഹ്മത്തിന്റെ വിവർത്തം (ബ്രഹ്മണോവിവർത്തഃ) അഥവാ പരിമാണം എന്നാണ് ബ്രഹ്മവൈവർത്തമെന്നതിന് അർത്ഥം കൽപ്പിക്കുന്നത്. 218 അദ്ധ്യായങ്ങളുള്ള ഈ പുരാണം നാലുഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു. ബ്രഹ്മഖണ്ഡം, പ്രകൃതിഖണ്ഡം, ഗണേശഖണ്ഡം, കൃഷ്ണജന്മഖണ്ഡം എന്നിവയാണവ.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



*(മുൻലക്കത്തിന്റെ തുടർച്ച)*

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ന മേ വാഗനൃതം പ്രാഹ നാധർമേ ധീയതെ മതിഃ|**
**ഏവം ചൈവ വദത്യംബാ മമ ചൈതൻമനോഗതമ്॥**
(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 194 ശ്ലോകം 30)

**ഭാവാർത്ഥം:** എന്റെ വാണി ഒരിക്കലും അസത്യം പറയില്ല ബുദ്ധി ഒരിക്കലും അധർമ്മത്തിലിരിക്കില്ല.

**ഏഷധർമോ ധ്രുവോ രാജംശ്ചരേനമവിചാരയൻ|**
**മാ ച ശങ്കാ തത്ര തേ സ്യാത് കഥംചിദപി പാർഥിവ॥**
(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 194 ശ്ലോകം 31)

**ഭാവാർത്ഥം:** ഇത് ഉറച്ച ധർമ്മമാണ്. അങ്ങേക്ക് ഇത് ചെയ്യുന്നതിൽ സംശയമോ സങ്കോചമോ ഒന്നുമുണ്ടാകരുത്.

**തേ സമേത്യ തതഃ സർവ്വേ കഥയന്തിസ്മ ഭാരത|**
**അഥ ദ്വൈപായനോ രാജന്നഭ്യാഗച്ഛത് യദൃച്ഛയാ॥**

ഈ പ്രകരണങ്ങളിലൂടെ അന്വേഷണ ദൃഷ്ടിയിലൂടെ ഗൗരവമായി ചിന്തിച്ചാൽ എല്ലാഅസത്യങ്ങളും പുറത്തുവരും.

## ഒന്നാമത്തെ അസത്യം

ഈ ചർച്ചകൾ നടക്കുന്നതിനിടയിൽ വ്യാസമഹർഷി അവിചാരിതമായി അവിടെ എത്തിച്ചേർന്നു. ദ്രുപദരാജാവ് വ്യാസനോട് ഇങ്ങനെ ചോദിച്ചു.

**കഥമേകാ ബഹൂനാം സ്യാദ് ധർമ്മപത്നീ ന സംകരഃ|**
**ഏതൻമേ ഭഗവാൻ സർവ്വം പ്രബ്രവീതു യഥാതഥമ് ॥**
(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 195, ശ്ലോകം 5)

**ഭാവാർത്ഥം :** അല്ലയോ മഹർഷേ! ഒരു സ്ത്രീ ഒരേ സമയം നിരവധി പുരുഷന്മാരുടെ പത്നിയാവുന്നതെങ്ങനെ? ധർമ്മസങ്കടമുണ്ടാവുന്ന ഈ വിഷയത്തേക്കുറിച്ച് അങ്ങ് ശരിയായി പറഞ്ഞുതന്നാലും.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരെത്തുയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



ഇനി അവരുടെമേൽ എന്റെ ഭാരം കൂടി വെച്ചുകെട്ടുന്നത് ശരിയല്ലെന്ന് സ്വന്തം കുടുംബാംഗം പോലെ സ്നേഹാനുകമ്പാദരങ്ങളോടെ എന്നോട് പെരുമാറിയിരുന്നെങ്കിലും എന്നോട് മനസ്സാക്ഷി ഉപദേശിച്ചു. അങ്ങനെ ഞാൻ ഒരു ഹോട്ടലിൽ പോയി. ഇന്ന് നിങ്ങൾ ഊണുകഴിച്ച ഹോട്ടൽ – അവിടെ വാട്ടർ സപ്ലൈയായി 10 രൂപ ശമ്പളത്തിന് ജോലിയിൽ ചേർന്നു. അങ്ങനെയിരിക്കെ ഒരു വലിയ പേരു കേട്ട ഓഫീസറായ ചേലക്കരക്കാരൻ രാമസ്വാമി അയ്യരെ കണ്ടുമുട്ടി. അദ്ദേഹത്തിന് വീട്ടു ജോലിക്ക് സഹായിക്കാനായി ഒരാൾ വേണം. ഞാൻ ഹോട്ടൽ ഉടമയുടെ ശുപാർശപ്രകാരം ആ സ്വാമിയുടെ ശിഷ്യത്വം സ്വീകരിച്ചുപോയി. അങ്ങനെയിരിക്കെ അദ്ദേഹത്തിന്റെ അമ്മയുടെ അസുഖം കാരണം നാട്ടിലേക്ക് പോകേണ്ടിവന്നു. എനിക്കുവേണ്ട ഭക്ഷണവും മറ്റും ഹോട്ടലുടമയോട് പറഞ്ഞേർപ്പാടാക്കി ഫ്ളാറ്റിന്റെ താക്കോൽ ഏൽപ്പിച്ച്പോയി. ഇപ്പോൾ ആ ഫ്ളാറ്റ് കാവൽക്കാരനാണ് ഞാൻ. പണിയൊന്നുമില്ല. സമയംപോലെ ഈ ഹോട്ടലിൽ വന്ന് ഭക്ഷണംകഴിച്ച് ഫ്ളാറ്റിൽ പോയി നല്ല ലൈബ്രറി ബുക്കും വായിച്ചിരിക്കലാണ് ഇപ്പോഴത്തെ പണി. അങ്ങനെ ഊണുകഴിച്ചുനിൽക്കുമ്പോഴാണ് യാദൃച്ഛികമായി താങ്കളുടെ ദർശനം ലഭ്യമായത്. കണ്ടപ്പോൾ നാണപ്പാജിയുടെ ഛായ തോന്നി. അതുകൊണ്ട് ചോദിച്ചതാണ് നാണപ്പയെ അറിയോ എന്ന്. അദ്ദേഹം എന്നെ രാഷ്ട്രഭാഷ ഡിപ്ലോമവരെ പഠിപ്പിച്ചിട്ടുണ്ട്. ഒന്നുകിൽ പഠിച്ച് വിവരമുണ്ടാക്കണം അല്ലെങ്കിൽ എന്തെങ്കിലും പറ്റിയ ജോലി സമ്പാദിച്ച് അന്യന്റെ മുമ്പിൽ കൈമലർത്താതെ ആത്മാഭിമാനത്തോടെ സത്യസന്ധമായ ജീവിതം നയിക്കുക എന്നീ ഉദ്ദേശങ്ങളോടെയാണ് ഞാൻ നാടുവിട്ടത്. ലക്ഷ്യം കാണാൻ എന്തും സഹിക്കാൻ ഞാനൊരുക്കമാണ്. ഇഹവും പരവുമില്ലാതിങ്ങനെ ഉണ്ടും ഉറങ്ങിയും മാത്രം ആയുസ്സുകളഞ്ഞിട്ടെന്തു കാര്യം? പാച്ചന്റെ സ്വരം ആത്മാഭിമാനാത്മകവും നിരാശാത്മകവുമായിരുന്നു.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*

*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*



(മുൻ ലക്കത്തിന്റെ തുടർച്ച)

# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

## യോഗദർശനത്തിന്റെ കർമ്മസിദ്ധാന്തം

യോഗത്തിന്റെ മഹത്വപൂർണ്ണവും അനിവാര്യവുമായ ഒരംഗമാണ് കർമ്മം. യോഗദർശനത്തിൽ മഹർഷി പതഞ്ജലി ഈ വിഷയത്തെക്കുറിച്ച് നന്നായി ചർച്ച ചെയ്തിട്ടുണ്ട്. സൂത്രകാരന്റെ അഭിപ്രായമറിയുന്നതിന് താഴെ കൊടുക്കുന്നവ അറിയിക്കേണ്ടതുണ്ട്.

**നിർവചനം:** മനസ്സ്, ഇന്ദ്രിയങ്ങൾ, ശരീരം എന്നിവയാൽ ജീവാത്മാവ് ചേഷ്ടകൾ നടത്തുന്നതാണ് കർമ്മം ശുഭം, അശുഭം, മിശ്രം എന്നിങ്ങനെ അത് മൂന്നു പ്രകാരത്തിലുണ്ട്.

1. ക്രിയമാണകർമ്മം: വർത്തമാനകാലത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത് ക്രിയമാണകർമ്മം.
2. സഞ്ചിതകർമ്മം : ക്രിയമാണത്തിന്റെ സംസ്കാരം ജ്ഞാനത്തിൽ നിക്ഷേപിക്കപ്പെടുന്നതിനെ സഞ്ചിതസംസ്കാരം (കർമ്മം) എന്നു പറയുന്നു.
3. പ്രാരാബ്ധകർമ്മം : പണ്ടുചെയ്തപോയ കർമ്മങ്ങളുടെ സുഖദുഃഖസ്വരൂപങ്ങളായ ഫലത്തെ ഭോഗിയ്ക്കുന്നതിനെ പ്രാരാബ്ധകർമ്മമെന്നു പറയുന്നു. (ആര്യോദ്ദേശ്യ രത്നമാല 48-49, 50-51)

**കർമശുക്ലാകൃഷ്ണം യോഗിനസ്ത്രിവിധമിതരേഷാമ് (യോഗദർശനം 4.7)**

യോഗികളുടെ കർമ്മം അശുക്ലം, അകൃഷ്ണം അതായത് നിഷ്കാമശുഭകർമ്മങ്ങളാണ്. മറ്റുള്ളവരുടേത് സകാമശുഭം, അശുഭം, മിശ്രിതം എന്നിങ്ങനെ മൂന്നുതരത്തിലുണ്ട്.

കർമ്മങ്ങളുടെ മൂലത്തിൽ അവിദ്യാദിക്ലേശങ്ങൾ ഉണ്ടായിരിക്കുന്ന കാലത്തോളം കർമ്മങ്ങളുടെ ഫലം ജാതി, ആയുസ്സ്, ഭോഗം എന്നീ രൂപത്തിൽ ലഭിയ്ക്കുന്നു. അവിദ്യാദിക്ലേശങ്ങളാൽ ഉൽപ്പന്നമാവുന്ന കർമ്മങ്ങളുടെ ഫലം ജാതി, ആയുസ്സ്, ഭോഗം എന്നീ രൂപങ്ങളിൽ അടുത്ത ജന്മത്തിൽ ലഭിയ്ക്കുന്നു. ഏതാനും കർമ്മങ്ങളുടെ ഫലം ഈ ജന്മത്തിൽതന്നെ ഭോഗം അഥവാ ആയുസ്സിന്റേയും ഭോഗത്തിന്റേയും രൂപത്തിൽ ലഭിയ്ക്കുന്നു.

യോഗാഭ്യാസത്താൽ തത്ത്വജ്ഞാനം നേടി അവിദ്യയില്ലാതാവുമ്പോൾ സമസ്തക്ലേശദഗ്ധബീജഭാവത്തെ പ്രാപിക്കാനാവുന്നു.. അങ്ങനെ യോഗി മോക്ഷത്തെ പ്രാപിയ്ക്കുന്നു.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*

*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*



# തൻമേ മനഃ ശിവസങ്കല്പമസ്തു

ഡോ.സത്യദേവ് ആര്യ
തർജ്ജമ: കെ.കെ.ജയൻ

*(പരോപകാരിണി സഭ പ്രസിദ്ധീകരിച്ച ഡോ.സത്യദേവ് ആര്യയുടെ തൻ മേ മനഃശിവ സങ്കല്പമസ്തു എന്ന ഹിന്ദി ഗ്രന്ഥത്തിന്റെ മലയാള തർജ്ജമയാണിത്. ഉടൻ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ ഏതാനും ഭാഗങ്ങൾ ഇവിടെ തുടർ ലേഖനമായി കൊടുക്കുന്നു.*

– പത്രാധിപർ)

## ആമുഖം
## മനസ്സിന്റെ മഹിമ

**ത**ന്മേമനഃ ശിവസങ്കല്പമസ്തു. ഈ മന്ത്രാംശത്തിലൂടെ വേദം നമ്മുടെ മനസ്സിനെ ശിവസങ്കല്പയുക്തമാക്കുവാൻ ഉപദേശിക്കുന്നു. ഈ ഉപദേശം മനസ്സിന്റെ മഹിമയെ ബോധിപ്പിക്കുന്നതും അന്തഃകരണത്തിലെ വിശിഷ്ടമായ ഒരംഗമാണ് മനസ്സ് എന്ന ബോധത്തെ ഉളവാക്കുന്നതുമാകുന്നു. ഈശ്വരൻ രണ്ടുതരത്തിലുള്ള കർമ്മോപകരണങ്ങൾ ജീവാത്മാവിന് നൽകിയിരിക്കുന്നു. അന്തഃകരണവും ബാഹ്യകരണവും. മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നിവ ചേർന്നതാണ് അന്തഃകരണം. ബാഹ്യകരണത്തിലാകട്ടെ അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും (ചക്ഷുസ്, ജിഹ്വാ, നാസികാ, ശ്രോത്രം, ത്വക്) അഞ്ചു കർമ്മേന്ദ്രിയങ്ങളും (കൈകൾ, പാദങ്ങൾ, വാക്ക്, പായു, ഉപസ്ഥം) പെടുന്നു. മനസ്സും ചിത്തവും ബുദ്ധിയും ചേർന്ന് ജ്ഞാനേന്ദ്രിയങ്ങളുടെ സഹായത്തോടെ ആത്മാവിന് ബാഹ്യജഗത്തിന്റെ ബോധം ഉണ്ടാക്കുന്നു. മനസ്സ് ആത്മാവിന്റെ നിർദ്ദേശാനുസരണം കർമ്മന്ദ്രിയങ്ങളെക്കൊണ്ട് കർമ്മങ്ങൾ ചെയ്യിക്കുന്നു. മനസ്സ് സമസ്തക്രിയാ കലാപങ്ങളുടെയും അധിനായകനാണ്. ഇന്ദ്രിയങ്ങളുടെ അധിഷ്ഠാതാവും, സഞ്ചാലകനും, നിയന്ത്രകനും നിയാമകനുമാണ്. നമ്മുടെ മനോകാമനകളുടെയും മനോവൃത്തികളുടെയും വിനായകനുമാണ്. സമസ്ത സംവേദനങ്ങളെ അറിയുന്നവനും മറക്കുന്നവനുമാണ്. അതുകൊണ്ട് മനസ്സിനെ ശിവ സങ്കല്പയുക്തമാക്കേണ്ടത് ആവശ്യമാണ്. അനിവാര്യവുമാണ്.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**അർത്ഥം:** എങ്ങനെയാണോ ആൺകുട്ടികൾ ബ്രഹ്മചര്യമനുഷ്ഠിക്കുന്നത് അതുപോലെ കന്യകമാരും ബ്രഹ്മചര്യം പാലിച്ച് വർണ്ണോച്ചാരണശിക്ഷ മുതൽ വേദങ്ങൾവരെയുള്ള ശാസ്ത്രങ്ങൾ പഠിച്ച് പ്രസന്നരായി ഇഷ്ടപ്പെട്ട യുവാവസ്ഥയിലുള്ള പണ്ഡിതനായ പതിയെ വേദോക്തമായ രീതിയിൽ വിവാഹം ചെയ്യണം.

സ്ത്രീപുരുഷന്മാരെ പഠിപ്പിക്കാതെ മൂഢബുദ്ധികളാക്കി തീർക്കാൻ ആഗ്രഹിക്കുക അധർമ്മികൾ മാത്രമാണ്. വേദോക്ത പ്രമാണങ്ങളെ അപമാനിച്ച് സ്വന്തം കാര്യം ആഗ്രഹിക്കുന്നവർ അവരാണ്.

**ചോദ്യം: വിദ്യകൾ ഏതു ക്രമത്തിലാണ് പഠിക്കേണ്ടത്?**

**ഉത്തരം:** വർണ്ണോച്ചാരണം, ആചരണശുദ്ധി, പുരുഷാർത്ഥം, ധർമ്മിഷ്ഠരായ പണ്ഡിതരുടെ സംഗം, വിഷയകഥാപ്രസംഗത്യാഗം, ശബ്ദാർത്ഥ സംബന്ധ ജ്ഞാനം, സുവിചാരങ്ങളാൽ വ്യാകരണം തുടങ്ങിയവയുടെ ശബ്ദം, അർത്ഥം, എന്നിവ യഥാവിധി അറിയുക, ഉത്തമക്രിയകളാൽ സർവ്വഥാ സാക്ഷാത്ക്കാരം നേടുക എന്നിങ്ങനെയാണ് വിദ്യാഭ്യാസത്തിന്റെ ക്രമം. ഓരോരോവിദ്യകൾക്കും അനുയോജ്യമായ സത്യഗ്രന്ഥങ്ങൾ പഠിച്ച് വേദാദി ശാസ്ത്രങ്ങളുടെ അർത്ഥം അറിയുക എന്നിവ വേഗത്തിൽ പണ്ഡിതനാവാനുള്ള മാർഗ്ഗമാണ്.

**ചോദ്യം: പഠിക്കാത്ത മനുഷ്യരുടെ ഗതിയെന്താവും?**

ഉത്തരം: രണ്ടുതരത്തിലാണത്. ഒന്ന് നല്ലതും രണ്ടാമത്തേത് മോശവും. പഠിയ്ക്കാൻ സാമർത്ഥ്യമില്ലാത്തവൻ ധർമ്മാചരണയുക്തനാവാനാഗ്രഹിയ്ക്കുന്നുവെങ്കിൽ അയാൾ പണ്ഡിതന്മാരുമായി അടുപ്പം പ്രാപിച്ച് തന്റെ ആത്മാവിൽ പവിത്രതയും അവിരുദ്ധതയുമുണ്ടാക്കി ധർമ്മാത്മാവായിത്തീരാം. എന്തെന്നാൽ എല്ലാവർക്കും പണ്ഡിതനാവാനാവില്ല. തനിക്ക് സുഖമുണ്ടാവണം, ദുഃഖമരുത്, മാന്യതവേണം, അപമാനിക്കപ്പെടരുത് എന്നീ ആഗ്രഹങ്ങൾ വെച്ചുപുലർത്തുന്നവർക്ക് മറ്റുള്ളവർക്കും അങ്ങനെയൊക്കെ സംഭവിക്കണം എന്നാഗ്രഹിക്കാമല്ലോ? മോഷണം, വഞ്ചന എന്നിവക്കിരയാവാൻ ആരും ആഗ്രഹിക്കുന്നില്ലല്ലോ? ഏതൊരു കർമ്മം ചെയ്യുമ്പോൾ ശങ്കയും ലജ്ജയും ദുഃഖവുമുണ്ടാവുന്നില്ലയോ അത് ധർമ്മമാണെന്നറിയാത്തത് ആർക്കാണ്? ആത്മാവിനു വിരുദ്ധമായ പ്രവൃത്തികളായ ഉള്ളിലൊന്ന്, വാക്കിലൊന്ന്, പ്രവൃത്തിയിൽ മറ്റൊന്ന് എന്നിങ്ങനെ ചെയ്യുന്നത് അധർമ്മമാണെന്നും മനസാ വാചാ കർമണാ ആത്മാവിനനുകൂലമായി ആചരിക്കുന്നത് ധർമ്മമാണെന്നും ആർക്കാണറിവില്ലാത്തത്?

(തുടരും)

***തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)***

***ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !***

(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 2 — വേദവും ശൂദ്രനും

**ഈ** വിവരണത്തിൽനിന്നും മനസ്സിലാക്കാവുന്നത് വൈദിക വർണ വ്യവസ്ഥ ജനനത്തെ അടിസ്ഥാനമാക്കിയായിരുന്നില്ല എന്നാണ്. മനുസ്മൃതി 10.65 ലും വർണപരിവർത്തനത്തെപ്പറ്റി സ്പഷ്ടമായ നിർദ്ദേശമുണ്ട്. ശൂദ്രൻ ബ്രാഹ്മണനും ബ്രാഹ്മണൻ ശൂദ്രനുമായിത്തീരാവുന്നതാണ്. ഇപ്രകാരം ക്ഷത്രിയരുടേയും വൈശ്യരുടേയും സന്താനങ്ങൾക്കും വർണം മാറാവുന്നതാണ്. അതായത് നാലുവർണങ്ങൾക്കും തങ്ങളുടെ കർമ്മങ്ങൾക്കനുസരിച്ച് വർണത്തെ മാറ്റാവുന്നതാണ്. ശൂദ്രനും ജിതേന്ദ്രിയനായി പവിത്രകർമ്മങ്ങളുടെ അടിസ്ഥാനത്തിൽ അന്തഃകരണശുദ്ധി നേടിയാൽ അയാൾ ബ്രാഹ്മണനെപ്പോലെ സേവിക്കപ്പെടേണ്ടവനായിത്തീരും. ഇത് സാക്ഷാൽബ്രഹ്മാവിന്റെ വചനമാണ് (മഹാഭാരതം ദാനധർമ്മം അദ്ധ്യായം 143.47)

ദേവി! ഇത്തരം ശുഭകർമ്മങ്ങളുടെ ആചരണത്തിലൂടെ ശൂദ്രന് ബ്രാഹ്മണ്യം ലഭിയ്ക്കുന്നു. വൈശ്യന്മാർക്കും ക്ഷത്രിയന്മാർക്കും അങ്ങനെ തന്നെ (മഹാഭാരതം ദാനധർമ്മം അദ്ധ്യായം 143.26)

**ജന്മനാജായതെ ശൂദ്രഃ സംസ്കാരാത് ദ്വിജ ഉച്യതെ**
**വേദപാഠീ ഭവേത് വിപ്രഃ ബ്രഹ്മാജാനേതി ബ്രാഹ്മണഃ**

ജന്മത്താൽ എല്ലാവരും ശൂദ്രരാണ്. സംസ്കാരത്തിൽ ദ്വിജന്മാരായിത്തീരുന്നു. വേദാദ്ധ്യയനത്തിലൂടെ വിപ്രനാവുന്നു. ബ്രഹ്മജ്ഞാനത്താൽ ബ്രാഹ്മണനായിത്തീരുന്നു. (നരസിംഹതാപനി ഉപനിഷത്ത്)

ശുഭസംസ്കാരവും വേദാദ്ധ്യായനവുമുള്ള ശൂദ്രൻ ബ്രാഹ്മണനായിത്തീരുന്നു. ദുരാചാരിയായ ബ്രാഹ്മണൻ ബ്രാമണത്വം നശിച്ച് ശൂദ്രനായിത്തീരുന്നു(ബ്രഹ്മപുരാണം 223.43).

ആരിലാണോ സത്യം, ദാനം, ദ്രോഹത്തിന്റെ അഭാവം, ലജ്ജ, ദയ, തപസ്സ് എന്നീ സദ്ഗുണങ്ങൾ കാണുന്നത് അയാൾ ബ്രാഹ്മണനാണ് (മഹാഭാരതം ശാന്തിപർവ്വം അദ്ധ്യായം 88.4)

ബ്രാഹ്മണസ്ത്രീയുടെ ഗർഭത്തിൽനിന്നുണ്ടാവുക, സംസ്കാരം, വേദശ്രവണം, ബ്രാഹ്മണപിതാവിന്റെ സന്താനമാവുക ഇവയൊന്നും ബ്രാഹ്മണത്വത്തിനുകാരണമാകുന്നില്ല. സദാചാരത്താലാണ് ബ്രാഹ്മണനാവുന്നത് (മഹാഭാരതം അനുശാസനപർവ്വം അദ്ധ്യായം 14.3.5).

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



ഒരിക്കൽ അദ്ദേഹവും സ്വാമി ശ്രദ്ധാനന്ദവും കൂടി സനാതന ധർമ്മത്തിന്റെ മഹോപദേശകനായിരുന്ന പണ്ഡിറ്റ് ദീനദയാലുമായി കൂടിക്കാഴ്ചനടത്തി.

പണ്ഡിറ്റ് ദീനദയാലു ജഝർ നിവാസിയായിരുന്നു. ഗുരുകുലത്തിന്റെ വിരോധിയുമായിരുന്നു. പണ്ഡിറ്റ് വിശ്വംബരദാസിന്റെ സഹോദരൻ ഗുരുകുലത്തിനായി ഭൂമി ദാനം ചെയ്യുന്നത് അദ്ദേഹം വിലക്കി. എന്നിരുന്നാലും അദ്ദേഹം ഭൂമി നൽകി. അദ്ദേഹത്തിന്റെ മകൻ പണ്ഡിറ്റ് മൗലിചന്ദ്ര ഗുഡ്ഗാവ് മണ്ഡലത്തിൽനിന്ന് തിരഞ്ഞെടുപ്പിനുമത്സരിക്കുകയായിരുന്നു. മൗലാനാ ആസാദ് എന്ന ആ മണ്ഡലത്തിലെ ജനപ്രതിനിധിയുടെ മരണത്തെ തുടർന്നാണ് അവിടെ തിരഞ്ഞെടുപ്പ് നടത്തേണ്ടിവന്നത്. എന്നാൽ ആര്യസമാജികർ പ്രൊ.പ്രകാശ്‌വീർ ശാസ്ത്രിയെ അവിടെ സ്ഥാനാർത്ഥിയാക്കി മത്സരിപ്പിച്ച് പണ്ഡിറ്റ് മൗലീചന്ദ്രിനെ തോൽപ്പിച്ചു.

ലേഖ്റാം പണ്ഡിറ്റ് ദീൻദയാലുവിനോട് ഇങ്ങനെ പറഞ്ഞു. അങ്ങ് ഞങ്ങളെ എതിർക്കാൻ വളരെ പ്രയത്നിച്ചുവല്ലോ? എന്നാൽ മുസ്ലിങ്ങൾ താങ്കളുടെ അടിവേരിളക്കുമ്പോഴും താങ്കൾ അവരോട് ഒന്നും പറയാത്തത് എന്താണ്? ദീൻദയാലുജി ഇങ്ങനെ മറുപടി നൽകി. ഇക്കാര്യം ഞങ്ങൾ പണ്ഡിറ്റ് ലേഖ്റാമിനെ ഏൽപ്പിച്ചിരിക്കുകയാണ്. അങ്ങുള്ളിടത്തോളം കാലം നമ്മുടെ വേരുകൾ ആർക്കിളക്കാനാവും? എതിരാളികൾ പോലും പ്രകീർത്തിച്ചിരുന്ന അത്തരം മഹാപുരുഷന്മാർ ധന്യരാണ്.

പണ്ഡിറ്റ് ലേഖ്റാമിന് എഴുത്തിന്റെ കാര്യത്തിൽ വലിയ താല്പര്യമുണ്ടായിരുന്നു. എഴുത്തുകാർ മൂലം ഉണ്ടാവുന്ന ഗുണങ്ങൾ മറ്റൊരുതരത്തിലും ഉണ്ടാവില്ല. നിരന്തരം എഴുതുന്നത് പ്രചാരപ്രവർത്തനങ്ങൾക്ക് സഹായമാകും. രാവും പകലും പ്രചാരപ്രവർത്തനം നടത്തിയിരുന്ന പണ്ഡിറ്റ് ലേഖ്റാം ഏകദേശം 33 പുസ്തകങ്ങൾ രചിച്ചു. തന്റെ പേരുപോലെതന്നെ അദ്ദേഹം യഥാർത്ഥ ലേഖ്റാമായിരുന്നു (ലേഖ്–എഴുത്ത്)

(തുടരും)

## സഹനശക്തി

സ്വാമിശ്രദ്ധാനന്ദൻ എഴുതുന്നു. 1896 ആഗസ്റ്റ് 28ന് ലേഖ്റാമിന്റെ ഏകപുത്രൻ അന്തരിച്ചപ്പോൾ അദ്ദേഹത്തിൽ കണ്ട സഹനശക്തി എന്നെ അത്ഭുതപ്പെടുത്തി. അദ്ദേഹത്തിന്റെ മുഖത്ത് യാതൊരു ശോകവും കാണപ്പെട്ടില്ല.

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*

*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദഗുരുകുലം മൂന്നാം വാർഷികോത്സവും കേരള ആര്യസമ്മേളനവും

**കാ**റൽമണ്ണ വേദഗുരുകുലത്തിന്റെ മൂന്നാം വാർഷികോത്സവം ഡിസംബർ 23ന് (സ്വാമി ശ്രദ്ധാനന്ദ് ബലിദാനദിനം) വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിക്കുന്നു. ആര്യജഗത്തിലെ ഉന്നതസന്യാസിവര്യന്മാരും ആര്യനേതാക്കളും ചടങ്ങിൽ സംബന്ധിക്കുന്നുണ്ട്. ഇതോടനുബന്ധിച്ച് കേരളത്തിലെ ആര്യസമാജപ്രവർത്തകരുടെ ഒരു സമ്മേളനവും നടക്കുന്നു. പത്തോളം വൈദികസാഹിത്യങ്ങളുടെ പ്രകാശനവും ഈ വാർഷികോത്സവത്തിൽ വെച്ചു നടക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 79070777891, 9562529095

## കാറൽമണ്ണ വേദഗുരുകുലത്തിലേക്ക് പ്രവേശനമാരംഭിച്ചു

**കാ**റൽമണ്ണ വേദഗുരുകുലത്തിൽ 2019 ഏപ്രിൽ 6ന് (യുഗാബ്ദം 5121 ചൈത്രശുക്ല പ്രതിപദ) ആരംഭിയ്ക്കുന്ന പുതിയ അധ്യയനവർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. 6, 7, 11 ക്ലാസ്സുകളിലേക്കാണ് പ്രവേശനം. വേദപഠനത്തോടൊപ്പം ആധുനിക വിദ്യാഭ്യാസവും നൽകുന്നതാണ്. പ്രവേശനപരീക്ഷ, മുഖാമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. പഠനം, താമസം എന്നിവ സൗജന്യമായിരിക്കും. പഠനകാലത്ത് ബ്രഹ്മചാരികൾ (വിദ്യാർത്ഥികൾ) പൂർണ്ണസമയവും ഗുരുകുലത്തിൽ തന്നെ താമസിക്കണം. സ്ഥലപരിമിതി മൂലം യോഗ്യരായ ഏതാനും



വിദ്യാർത്ഥികൾക്കു മാത്രമേ പ്രവേശനം നൽകാനാവുകയുള്ളു. താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക – 7907077891, 9562529095

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2017-19

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   – മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ – ₹ 250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   – മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ – ₹ 60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ – ₹ 40.00
4. ആര്യസമാജം എന്ത്? എന്തിന്? – ലത രാജൻ – ₹ 10.00
5. സത്യാർത്ഥ പ്രകാശം നൽകുന്ന സന്ദേശം – കെ.എം.രാജൻ – ₹ 10.00
6. വൈദിക നിത്യകർമ്മവിധി – കെ.എം.രാജൻ – ₹ 20.00
   (പോസ്റ്റേജ് ചെലവ് പുറമെ)

## അച്ചടിയിലുള്ളവ

1. വേദാന്തിധ്വാന്ത നിവാരണം – മഹർഷിദയാനന്ദ സരസ്വതി, തർജ്ജമ : കെ.എം.രാജൻ
2. ഉപദേശമഞ്ജരി അഥവാ പൂനാ പ്രവചനം – മഹർഷി ദയാനന്ദ സരസ്വതി, തർജ്ജമ. കെ.എം.രാജൻ
3. ആര്യോദ്ദേശ്യ രത്നമാല – മഹർഷി ദയാനന്ദ സരസ്വതി, തർജ്ജമ. കെ.എം.രാജൻ
4. സംശയനിവാരിണി – ശ്രീ.മദൻ രഹേജ, തർജ്ജമ : സുരി
5. ദ്രൗപദിയും പഞ്ചപതികളും – അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
6. യോഗദർശനം (മഹർഷി വ്യാസഭാഷ്യസഹിതം) – സ്വാമി സത്യപതി പരിവ്രാജക്, തർജ്ജമ. കെ.എം.രാജൻ
7. വേദങ്ങളെ അറിയുക – ഡോ.വിവേക് ആര്യ, തർജ്ജമ: കെ.എം.രാജൻ
8. വേദ പ്രകാശം പാഠാവലി – കെ.എം.രാജൻ
9. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) – കെ.എം.രാജൻ
10. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം – കെ.എം.രാജൻ
11. ശത്രുവോ? മിത്രമോ? – കെ.എം.രാജൻ
12. പുരാണങ്ങൾ സത്യവും മിഥ്യയും – കെ.എം.രാജൻ
13. ശിവസങ്കല്പം – കെ.എം.രാജൻ

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 7907077891, 9562529095*